**Deshabimani**

**07 August 2018**

**Thiruvanandhapuram : Chance of heavy Rain, Educational Institution will be colsed**

# തീവ്രമഴയ്ക്ക് സാധ്യത

**തിരുവനന്തപുരം**

അടുത്ത രണ്ടുദിവസങ്ങളിൽ തീവ്രമഴയ്ക്ക് സാധ്യതയുള്ളതിനാൽ വിവിധ വകുപ്പുകൾക്ക് ജാഗ്രതാ നിർദേശം നൽകി. വെള്ളിയാഴ്ച രാവിലെവരെ മധ്യകേരളംമുതൽ വടക്കോട്ട് ഏഴുമുതൽ 14 സെന്റീമീറ്റർ വരെയുള്ള തീവ്രമഴയ്ക്കും സാധ്യതയുണ്ട്. 24 മണിക്കൂറിനിടെ ശക്തമായ മഴ രേഖപ്പെടുത്തിയത് വയനാട് ജില്ലയിലാണ്, വൈത്തിരിയിൽ- 16.56 സെന്റീമീറ്റർ. അറബിക്കടലിനും ബംഗാൾ ഉൾക്കടലിനും മുകളിലെ കാറ്റിന്റെ പാത്തിയാണ് മഴ ശക്തമാക്കുന്നത്. പടിഞ്ഞാറൻ കാറ്റിന്റെ വേഗത 45 മുതൽ 55 കിലോമീറ്റർ വരെയാകും. സംസ്ഥാനത്ത് ചൊവ്വാഴ്ച കനത്തമഴ തുടരുന്നു. തൃശൂർ കുന്നംകുളത്ത് ഒരാൾ മുങ്ങിമരിച്ചു. ഒറ്റപ്പാലത്തും മലപ്പുറം അരിക്കോട് ചാലിയാറിലും ഒരാളെ വീതം കാണാതായി. അമ്പതിലധികം വീടുകൾ തകർന്നു. 20 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. വിവിധ ജില്ലകളിലായി അറുനൂറോളം പേരെ മാറ്റിപാർപ്പിച്ചു. വൻതോതിൽ കൃഷി നാശമുണ്ട്. ചിലയിടങ്ങളിൽ ഗതാഗതം തടസപ്പെട്ടു. എറണാകുളം, കോട്ടയം, ഇടുക്കി, പാലക്കാട് ജില്ലകളിലെ വിദ്യാലയങ്ങൾക്ക് ബുധനാഴ്ച കലക്ടർമാർ അവധി നൽകി.

കബനീനദിയിലെ ജലനിരപ്പ് ഉയർന്നു. ഇടുക്കി അണക്കെട്ടിലും മുല്ലപ്പെരിയാറിലും ജലനിരപ്പ് ഉയരുകയാണ്.

**എറണാകുളം, കോട്ടയം, ഇടുക്കി, പാലക്കാട് ജില്ലകളിലെ വിദ്യാലയങ്ങൾക്ക് ഇന്ന് അവധി**